**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3627** **02-03-2023 - ൽ മറുപടിയ്ക്ക്**

**സേഫ് കേരള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ ആന്റണി രാജു (ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിലെ വാഹന അപകടങ്ങൾ കുറയ്ക്കുന്നതിനായി സർക്കാർ കൊണ്ടുവന്ന സേഫ് കേരള പദ്ധതി നടപ്പാക്കിയത് ഏത് വർഷമാണ്; എത്രകാലത്തേക്കായാണ് ഈ പദ്ധതി നടപ്പാക്കിയത് എന്ന് വ്യക്തമാക്കാമോ; | (എ) | 2019- ലാണ് "സേഫ് കേരള " പദ്ധതി നടപ്പിലാക്കിയത്. ഇത് ഒരു തുടർ പദ്ധതിയാണ്. |
| (ബി) | ഈ പദ്ധതി നടപ്പാക്കുന്നതിനായി മോട്ടോർ വാഹനവകുപ്പിൽ എത്ര പുതിയ തസ്തികകളാണ് സൃഷ്ടിച്ചത് എന്നത് സംബന്ധിച്ച ജില്ല തിരിച്ചുള്ള കണക്കും , ഇതിന്റെ ഉത്തരവിന്റെ പകർപ്പും ലഭ്യമാക്കാമോ; | (ബി) | "സേഫ് കേരള പദ്ധതി" നടപ്പാക്കുന്നതിനായി 262 അധിക തസ്തികകൾ 04.06.2018 തീയതിയിലെ ജി.ഒ.(എം.എസ്) നം. 42/2018/ട്രാൻസ് ഉത്തരവ് പ്രകാരം സൃഷ്ടിച്ചു. ഉത്തരവിന്റെ പകർപ്പ് അനുബന്ധം 1 ചേർത്തിരിക്കുന്നു. 25.09.2018 തീയതിയിലെ ജി.ഒ.(എം.എസ്) നം. 56/2018/ട്രാൻസ് ഉത്തരവ് പ്രകാരം നിലവിലുണ്ടായിരുന്ന 92 തസ്തികകൾ ഉൾപ്പെടെ ആകെയുള്ള 354 തസ്തികകൾ ജില്ല തിരിച്ച് പുനർവിന്യസിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധം 2 ചേർത്തിരിക്കുന്നു. |
| (സി) | സേഫ് കേരള പദ്ധതിക്കായി എൻഫോഴ്സ്മെന്റ് വിംഗ് രൂപീകരിക്കുന്നതിനായി എത്ര രൂപയാണ് ചെലവഴിച്ചത്; ഇതിനായി പ്രത്യേകം ഓഫീസുകളും, വാഹനങ്ങളും വാടകയ്ക്ക് എടുത്തിട്ടുണ്ടോ; വിശദാംശം ഇനംതിരിച്ച് ലഭ്യമാക്കാമോ; | (സി) | "സേഫ് കേരള പദ്ധതി"ക്കായി എൻഫോഴ്സ്മെന്റ് വിംഗ് രൂപീകരിക്കുന്നതിനായി ഉദ്യോഗസ്ഥർക്കുള്ള ശമ്പളത്തിന്റെ ചെലവ് ആവർത്തന സ്വഭാവമുള്ളതാണ്. 14 ജില്ലകളിലായി ജില്ലാ കൺട്രോൾ റൂമുകൾക്ക് 14 ഓഫീസ് കെട്ടിടവും, തിരുവനന്തപുരത്ത് ഒരു സംസ്ഥാന കൺട്രോൾ റൂം ഓഫീസിനുള്ള കെട്ടിടവും വാടകയ്ക്കെടുത്തിട്ടുണ്ട്. കൂടാതെ, സ്ക്വാഡുകൾക്ക് വേണ്ടി അനെർട്ട് വഴി 71 ഇലക്ട്രിക് വാഹനങ്ങൾ വാടകയ്ക്ക് എടുത്തിട്ടുണ്ട്. |
| (ഡി) | സേഫ് സോൺ പദ്ധതി നടപ്പാക്കിയതിനുശേഷം സംസ്ഥാനത്ത് വാഹന അപകടങ്ങളിൽ കുറവ് ഉണ്ടായിട്ടുണ്ടോ; ഓരോ വർഷവും എൻഫോഴ്സ്മെന്റ് വിംഗ് എടുത്ത വിവിധ നിയമലംഘന കേസുകളുടെ വിശദാംശങ്ങളും, ഈടാക്കിയ പിഴയും വർഷം തിരിച്ച് വ്യക്തമാക്കാമോ? | (ഡി) | "സേഫ് കേരള പദ്ധതി" നടപ്പിലാക്കിയ 2019 -നു ശേഷം 2020 ലും, 2021 ലും അപകടങ്ങൾ കുറഞ്ഞിട്ടുണ്ടെങ്കിലും, 2022 വർഷത്തിൽ ആയത് കൂടിയിട്ടുണ്ട്. എൻഫോഴ്സ്മെന്റ് വിംഗ് എടുത്ത നിയമലംഘനത്തിനെതിരെയുള്ള കേസുകളുടെ വിശദാംശങ്ങളും, ഈടാക്കിയ പിഴയും വർഷം തിരിച്ച് അനുബന്ധം 3 ആയി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

**സംഗ്രഹം**

ഗതാഗത വകുപ്പ് - കേരള റോഡ് സുരക്ഷാ അതോറിറ്റി - ട്രാഫിക് നിയമ ലംഘനം തടയുന്നതിനും റോഡപകടങ്ങൾ കുറയ്ക്കുന്നതിനും സേഫ് കേരള പ്രോജക്ട് നടപ്പിലാക്കുന്നതിന് അധിക തസ്തികകൾ സൃഷ്ടിക്കാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഗതാഗത (ഡി) വകുപ്പ്**

**സ.ഉ.(കൈ) നം.42/2018/ഗതാഗതം** തീയതി,തിരുവനന്തപുരം, 04/06/2018

---

പരാമർശം:- 1 01.12.2017ലെ ട്രാൻപോർട്ട് കമ്മീഷണറുടെ E1/53/2017-TC നമ്പർ കത്ത്

2 27.12.2017ലെ 377/secy/Trans/2017 നമ്പർ കത്ത്.

3 20.01.2018ലെ E1/12861/2013-TC നമ്പർ കത്ത്.

**ഉത്തരവ്**

2011-2020 കാലഘട്ടത്തെ റോഡ് സുരക്ഷയുടെ ദശകം ആയി യു.എൻ പൊതുസഭ പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ റോഡ് സേഫ്റ്റി വിഷൻ ഡോക്യുമെന്റ് എന്ന ആശയം മുന്നോട്ടു വച്ചു. 2020-ഓടുകൂടി എല്ലാ കേരളീയർക്കും വിനോദ സഞ്ചാരികൾക്കും സുരക്ഷിതവും തടസ്സരഹിതവുമായ യാത്രാസൗകര്യം എന്ന ലക്ഷ്യം കൈവരിക്കുന്നതിലേക്കായി റോഡ് സുരക്ഷാ വിദഗ്ധനായ ശ്രീ.പി.ഡി.സുനിൽബാബു തയ്യാറാക്കിയ 126.07 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന വിശദമായ പദ്ധതിരൂപരേഖ പരാമർശം( 1 ) പ്രകാരം ഗതാഗത കമ്മീഷണർ സമർപ്പിച്ചിരുന്നു.

2. പ്രസ്തുത പദ്ധതി രേഖ സർക്കാർ തലത്തിൽ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ ഭേദഗതി വരുത്തി പുതുക്കിയ പദ്ധതിരേഖ സമർപ്പിക്കാൻ പരാമർശം (2) പ്രകാരം ട്രാൻസ്പോർട്ട് കമ്മീഷണറോട് നിർദ്ദേശിച്ചിരുന്നു.

3. പണമിടപാടും, വിവിധ ക്ലറിക്കൽ ജോലികളും ഉൾപ്പെടുന്നതാകയാൽ ഈ പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ ജോലികൾ നിർവ്വഹിക്കുന്നതിന് പുറം കരാർ നൽകുന്നത് ഉചിതമല്ലായെന്നും, ആയതിനാൽ നിലവിലുള്ള എൻഫോഴ്സ്മെന്റ് ജീവനക്കാർക്ക് പുറമേ 14 ഹെഡ് അക്കൗണ്ടിന്റെയും 28 ക്ലർക്കിന്റെയും(ഓരോ കൺട്രോൾ റൂമിലും ഒരു ഹെഡ് അക്കൗണ്ടന്റ്, 2 ക്ലറിക്കൽ ജീവനക്കാർ എന്ന ക്രമത്തിൽ) അധിക തസ്തികകൾ അനുവദിക്കണമെന്നും 1 4 ജില്ലകളിലായി 5 1 പുതിയ സ്ക്വാഡുകൾ

രൂപീകരിക്കേണ്ടതും, ആയതിലേക്ക് ആകെ 2 6 2 പുതിയ തസ്തികകൾ സൃഷ്ടിക്കേണ്ടതായുണ്ടെന്നും ഈ പദ്ധതിയ്ക്ക് ആവശ്യമായ വാഹനങ്ങൾ ഡ്രൈവർമാർ സഹിതം പുറം കരാർ വ്യവസ്ഥയിൽ എടുക്കുന്നതൊഴികെ 2 6 2 പുതിയ തസ്തികകൾ ഉൾപ്പെടെ ആകെ 46.58 കോടി രൂപ മതിപ്പ് ചെലവ് പ്രതീക്ഷിക്കുന്നുവെന്നും പരാമർശം (3) പ്രകാരം ട്രാൻസ്പോർട്ട് കമ്മീഷണർ റിപ്പോർട്ട് ചെയ്തിരുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാനത്ത് സേഫ് കേരള പദ്ധതി നടപ്പിലാക്കുന്നതിലേക്കായി 10 ആർ.ടി.ഒ, 65എം.വി.ഐ, 187 എ.എം.വി.ഐ എന്നിവരുടെ 2 6 2 അധിക തസ്തികകൾ സൃഷ്ടിച്ച് ഉത്തരവാകുന്നു. ഈ പദ്ധതി നടപ്പാക്കുന്നതിനാവശ്യമായ സ്ക്വാഡ് വാഹനങ്ങൾ, ഡ്രൈവർ ഉൾപ്പെടെ out source ചെയ്ത് wet lease-ന് എടുക്കേണ്ടതും, കൺട്രോൾ റൂമിന് ആവശ്യമായ ആളുകളെ out source ചെയ്യേണ്ടതുമാണെന്നും ഇതിനാവശ്യമായ തുക കേരള റോഡ് സേഫ്റ്റി അതോറിറ്റിയുടെ 3055-00-800-95(NP-C) എന്ന ശീർഷകത്തിൽ നിന്നും കണ്ടെത്താവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**കെ.ആർ.ജ്യോതിലാല്**
**പ്രിന്സിപ്പല് സെക്രട്ടറി**

പകർപ്പ്

ട്രാൻസ്പോർട്ട് കമ്മിഷണർ, തിരുവനന്തപുരം

റോഡ് സേഫ്റ്റി കമ്മീഷണർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ) / (ആഡിറ്റ്) കേരള, തിരുവനന്തപുരം

ധനകാര്യ വകുപ്പ്(U.O No 738068/I&PW-A1/18/FIN തീയതി 30.05.2018)

പൊതുഭരണ(എസ്.സി)വകുപ്പ്(ഇനം....................തീയതി..................)

വിവര പൊതുജന സമ്പർക്ക വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

അനുബന്ധം 3

| YEAR | MO. OF CHECK REPORTS | COMPOUNDING FEE |
|---|---|---|
| 2020 | 183068 | 17,85,60,584 |
| 2021 | 376056 | 47,30,16,025 |
| 2022 | 342222 | 21,86,74,279 |